പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2531 01.04.2013-ൽ മറുപടിക്ക്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ കഴിഞ്ഞ 10 വർഷത്തെ വരുമാനം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) നിലവിൽ 2009-10 സാമ്പത്തിക വർഷം മുതൽ മാത്രമേ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമായിട്ടുള്ളൂ. ആയതിന്റെ സ്റ്റേറ്റുമെന്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. അതിനു മുൻ വർഷങ്ങളിൽ ബോർഡിന്റെ സെസ്സ് ഇനത്തിലുള്ള ആകെ വരവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 2003-04 | 23,15,95,734/- രൂപ |
| 2004-05 | 33,92,90,119/- രൂപ |
| 2005-06 | 51,96,82,978/- രൂപ |
| 2006-07 | 55,06,26,213/- രൂപ |
| 2007-08 | 66,57,55,115/- രൂപ |
| 2008-09 | 82,20,64,900/- രൂപ |

| ചോദ്യം | മറുപടി |
|---|---|
| (ബി) പ്രസ്തുത ബോർഡിലെ ഫണ്ടുകൾ ബാങ്കിൽ നിക്ഷേപിക്കുന്നത് ഏത് മാനദണ്ഡ പ്രകാരമാണ്; | (ബി) നിലവിൽ ബോർഡിലെ ഫണ്ടുകൾ നിക്ഷേപിക്കുന്നത് ഏറ്റവും ഉയർന്ന പലിശ നിരക്ക് നൽകുന്ന ബാങ്കുകൾക്കാണ്. |
| (സി) നിലവിൽ ഈ ബോർഡിന് ഏതൊക്കെ ബാങ്കിൽ എത്ര രൂപ വീതം നിക്ഷേപമുണ്ട്; പ്രസ്തുത നിക്ഷേപങ്ങൾക്ക് വർഷം ലഭിക്കുന്ന പലിശയുടെ വിശദാംശം വ്യക്തമാക്കുമോ; | (സി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) ഉയർന്ന പലിശ ലഭിക്കുന്ന സർക്കാർ നിയന്ത്രണ ധനകാര്യ സ്ഥാപനങ്ങളെ ഒഴിവാക്കി മറ്റ് ചില ധനകാര്യ സ്ഥാപനങ്ങളിൽ തുക നിക്ഷേപിക്കുന്നതിലൂടെ ബോർഡിന് വൻതുക നഷ്ടമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഇ) നിർമ്മാണ തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന തുക കൃത്യമായി ബാങ്കുകളിൽ നിക്ഷേപിക്കാനും നിലവിൽ നിരുത്തരവാദമായി ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ബോർഡിനുണ്ടായ നഷ്ടം കണ്ടെത്തി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനും നടപടി സ്വീകരിക്കുമോ; | (ഇ) സ്വീകരിക്കും |
| (എഫ്) നിർമ്മാണ തൊഴിലാളികൾക്ക് ബോർഡ് നൽകുന്ന പെൻഷന് അർഹരായവർ എത്ര പേരുണ്ട്; ജില്ല തിരിച്ചുള്ള കണക്ക്, ചെലവാകുന്ന തുക ഇവ വ്യക്തമാക്കുമോ; | (എഫ്) അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. |
| (ജി) പെൻഷണർ മരണപ്പെട്ടാൽ പെൻഷണറുടെ അവകാശിക്ക് പെൻഷൻ തുടർന്നും നൽകാൻ വ്യവസ്ഥ നിലവിലുണ്ടോ; നിലവിൽ പെൻഷണർ ജീവിച്ചിരിക്കുന്നുണ്ടോ/മരണപ്പെട്ടോ എന്നത് സംബന്ധിച്ച് ബോർഡ് കണക്കാക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുമോ? | (ജി) ഉണ്ട്. നിലവിൽ പെൻഷണർ ജീവിച്ചിരിപ്പുണ്ടെന്ന സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ നേരിട്ട് ഹാജരാവുകയോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**